# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പിണ്ടിമന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.7)1512/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 04/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പിണ്ടിമന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.7)1512/2023 തീയ്യതി: 04/12/2023

## എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2023 | 28-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-09-2023 | 28-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

അജിമോൻ പി.പി.,ഓഡിറ്റ് ഓഫീസർ

സജീവ് എൻ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ടിനു കെ.ജെ., ഓഡിറ്റർ

മുഹമ്മദ് ഷാഫി വി.എം., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജെസ്സി സാജു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| മനോജ് കെ | സെക്രട്ടറി | 01-04-2022 | 20-11-2022 |
| | | 19-12-2022 | 31-03-2023 |
| ലാൽ റ്റി കൃഷ്ണ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-11-2022 | 18-12-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷൈലജ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| അനീഫ | കൃഷി ഓഫീസർ | 01-04-2022 | 31-08-2022 |
| ഷൈല സി എം | കൃഷി ഓഫീസർ | 01-09-2022 | 21-12-2022 |
| മനോജ് ആർ എം | കൃഷി ഓഫീസർ | 22-12-2022 | 31-03-2023 |
| ഡോ. ദിവ്യ രാജേന്ദ്രൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2022 | 31-03-2023 |
| അജിത കുമാരി | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോ.മുഹമ്മദ് റഷാദ് | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഷൈന സദാശിവൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 01-06-2022 |
| മുംതാസ് എം എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 02-06-2022 | 31-03-2023 |
| എലിസബത്ത് സി ജോർജ്ജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 15-11-2022 |
| സ്നേഹ ജോർജ്ജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 16-11-2022 | 30-01-2023 |
| മെറിമ ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 31-01-2023 | 31-03-2023 |
| ഡോ നിർമല പ്രദീപ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 11-02-2023 |
| ഡോ വിജിത | മെഡിക്കൽ ഓഫീസർ ഹോമിയോ | 12-02-2023 | 03-03-2023 |
| ഡോ ജൂബി കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 04-03-2023 | 31-03-2023 |
| അനിത എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 13-04-2022 |

| | | | |
|---|---|---|---|
| | ഇൻചാർജ്ജ് | | |
| മത്തായി പി എ | അസിസ്റ്റന്റ് സെക്രട്ടറി ഇൻചാർജ്ജ് | 14-04-2022 | 21-04-2022 |
| ജെ ജയകുമാർ | അസിസ്റ്റന്റ് സെക്രട്ടറി ഇൻചാർജ്ജ് | 22-04-2022 | 22-04-2022 |
| ബാബു ദിനകർ | അസിസ്റ്റന്റ് സെക്രട്ടറി | 23-04-2022 | 31-10-2022 |
| ജെ ജയകുമാർ | അസിസ്റ്റന്റ് സെക്രട്ടറി ഇൻചാർജ്ജ് | 01-11-2022 | 16-11-2022 |
| ലാൽ റ്റി കൃഷ്ണ | അസിസ്റ്റന്റ് സെക്രട്ടറി | 17-11-2022 | 31-03-2023 |
| രശ്മി. എൻ നമ്പൂതിരി | വി ഇ ഒ പിണ്ടിമന | 01-04-2022 | 18-07-2022 |
| ബിനിൽ സി മോഹനൻ | വി ഇ ഒ പിണ്ടിമന | 19-07-2022 | 25-08-2022 |
| രതീഷ് കെ കെ | വി ഇ ഒ പിണ്ടിമന | 26-08-2022 | 20-01-2023 |
| ജുനൈദ് ടി എസ് | വി ഇ ഒ പിണ്ടിമന | 21-01-2023 | 31-03-2023 |
| രശ്മി. എൻ നമ്പൂതിരി | വി ഇ ഒ മാലിപ്പാറ | 01-04-2022 | 17-07-2022 |
| ടീനു ടോം | വി ഇ ഒ മാലിപ്പാറ | 18-07-2022 | 23-12-2022 |
| രതീഷ് കെ കെ | വി ഇ ഒ മാലിപ്പാറ | 24-12-2022 | 19-01-2023 |
| ജുനൈദ് ടി എസ് | വി ഇ ഒ മാലിപ്പാറ | 20-01-2023 | 31-03-2023 |
| ഡോ കെ പി ആനന്ദ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 21-06-2022 |
| ഡോ നിഷാമോൾ എം | മെഡിക്കൽ ഓഫീസർ ആയുർവേദം | 22-06-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഡെപ്പോസിറ്റ് തുകകളുടെ വിശദവിവരം ലഭ്യമല്ല. | 1-1-1 |
| 3 | ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന മുൻകൂർ തുകകളുടെ വിശദവിവരം ലഭ്യമല്ല. | 1-1-2 |
| 4 | ബാങ്ക് അക്കൗണ്ട് എ.എഫ്.എസ്.-ൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | മെയിന്റനൻസ് ഗ്രാന്റ് - റോഡ് ഫണ്ടിലെ ചെലവിൽ നിന്നും ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ആയി തുക രേഖപ്പെടുത്തി. | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഫണ്ട് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമ പദ്ധതികൾ | 1-7 |
| 12 | ക്യാഷ് വെരിഫിക്കേഷ**ൻ** | 1- 8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | തനത് വരുമാനം - അവലോകനം | 1-11 |
| 16 | തൊഴി**ൽ** നികുതി പിരിവ് കാര്യക്ഷമമല്ല | 1-12 |
| 17 | ലൈസ**ൻ**സ് അപാകങ്ങ**ൾ** സംബന്ധിച്ച് | 1-13 |
| 18 | ഇ-ടെണ്ടർ ഫീസിനത്തിൽ വരവ് വന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുവാൻ അവശേഷിക്കുന്നു. | 1- 14 |
| 19 | വൗച്ചർ പരിശോധനയിലെ അപാകതകൾ | 1-15 |
| 20 | ഹരിതകർമ്മ സേനയ്ക്ക് ഇ-ഓട്ടോ - പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-16 |
| 21 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-17 |
| 22 | സാക്ഷരത പ്രവർത്തനങ്ങൾ - അപാകങ്ങ**ൾ** | 1-18 |
| 23 | ഹോമിയോ ആശുപത്രിക്ക് മരുന്ന് - പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1- 19 |
| 24 | പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ- ആവശ്യകതാ നിർണ്ണയം നടത്താതെ പല തവണയായുള്ള വാങ്ങൽ. | 1-20 |
| 25 | ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-21 |
| 26 | മാലിപ്പാറ സ്റ്റേഡിയം മുടിയറ റോഡ് കലുങ്ക് നിർമ്മാണം - കുഴിച്ചെടുത്ത | 1-22 |

| | | |
|---|---|---|
| | മണ്ണിന്റെ വില കുറവ് ചെയ്തിട്ടില്ല | |
| 27 | ചാത്തൻ ചിറ നവീകരണം - ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-23 |
| 28 | തേഞ്ചിറ കുടിവെള്ള പദ്ധതി - വാർഡ് - 9 പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-24 |
| 29 | തൊഴിലുറപ്പ് ഭരണചെലവ് റീക്കൂപ്പ് ചെയ്തില്ല. | 1-25 |
| 30 | റിഡംപ്ഷൻ തുക തിരികെ ലഭിച്ചിട്ടില്ല. | 1-26 |
| 31 | എം.എൻ. ലക്ഷം വീട് പദ്ധതി - പൂർത്തീകരിച്ചിട്ടും ബാങ്ക് അക്കൌണ്ട് തുടരുന്നു. | 1- 27 |
| 32 | ഇലക്ഷൻ ഡെപ്പോസിറ്റ് - തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. | 1-28 |
| 33 | ക്രമീകരിക്കപ്പെടാത്ത 25.3 ലക്ഷം രൂപയുടെ നിക്ഷേപ പ്രവൃത്തികൾ | 1-29 |
| 34 | മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു. | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22.07.2023 ലെ 2(1) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 26.07.2023 -ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി: 04.12. 2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ഡെപ്പോസിറ്റ് തുകകളുടെ വിശദവിവരം ലഭ്യമല്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 പ്രകാരം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന താഴെ ചേർക്കുന്ന ഡെപ്പോസിറ്റ് തുകകൾ സംബന്ധിച്ച വിശദവിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| കോഡ് | ഹെഡ് | തുക |
|---|---|---|
| 340100301 | Contractor’s Retention | ₹53,862 |
| 340100303 | Election Deposit | ₹33,500 |
| 340109901 | Other Deposits | ₹4,335 |
| 340200101 | Rent Deposit | ₹2,028 |
| 340800101 | Deposit Received From Others | ₹11,200 |

### 1-1-2 ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന മുൻകൂർ തുകകളുടെ വിശദവിവരം ലഭ്യമല്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന താഴെ ചേർക്കുന്ന മുൻകൂർ തുകകൾ സംബന്ധിച്ച വിശദവിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| കോഡ് | ഹെഡ് | തുക |
|---|---|---|
| 460500201 | Deposit With KWA | ₹21,76,602 |
| 460500202 | Deposit With KSEB | ₹1,58,293 |
| 460500204 | Deposit With Ground Water Department | ₹44,900 |
| 460500205 | Deposit With PWD | ₹1,50,000 |
| 460500304 | Advance To Kudumbasree NHG | ₹1,82,700 |
| 460500306 | Advance To CDS | ₹5,27,748 |
| 460500499 | Advance To Other Accredited Agencies | ₹13,452 |
| 460100199 | Other Advances | ₹33,840 |

1-1-3 ബാങ്ക് അക്കൗണ്ട് എ.എഫ്.എസ്.-ൽ ഉൾപ്പെടുത്തിയിട്ടില്ല.

ബാങ്ക് ഓഫ് ബറോഡയിൽ ആരംഭിച്ചിട്ടുള്ള ഹെൽത്ത് ഗ്രാന്റ് അക്കൗണ്ട് (നം. 25070100012408) വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-4 മെയിന്റനൻസ് ഗ്രാന്റ് - റോഡ് ഫണ്ടിലെ ചെലവിൽ നിന്നും ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ആയി തുക രേഖപ്പെടുത്തി.

മെയിന്റനൻസ് ഗ്രാന്റ് - റോഡ് ഫണ്ടിൽ നിന്നും റോഡ് മെയിന്റനൻസ് പോലുള്ള പ്രവൃത്തികൾക്കാണ് തുക വിനിയോഗിച്ചിട്ടുള്ളത്. മെയിന്റനൻസിനു വേണ്ടി വരുന്ന ചെലവുകൾ റവന്യൂ ചെലവായാണ് അക്കൗണ്ട് ചെയ്യേണ്ടത് എന്നിരിക്കെ ആകെ ചെലവായ ₹65,81,721/- രൂപയിൽ ₹41,98,896/- രൂപ ക്യാപിറ്റൽ കോൺട്രിബ്യൂഷനായാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

1-2 ബജറ്റ്

പിണ്ടിമന ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള കരട് ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 17.03.2022 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് 19.03.2022 ലെ 1/1 -ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്.

ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 28.02.2023 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചിട്ടുണ്ടെങ്കിലും ആയത് പഞ്ചായത്ത് കമ്മിറ്റി പാസാക്കിയിട്ടില്ല.

| ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1/1 തീയതി 19.03.2022) | |
|---|---|
| മുന്നിരുപ്പ് | ₹47,96,065 |
| വരവ് | ₹25,16,05,483 |
| ചെലവ് | ₹25,07,19,285 |
| നീക്കിയിരുപ്പ് | ₹56,82,263 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരുപ്പ് | ₹1,44,06,658 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹2,42,83,037 |
| ആകെ | ₹3,86,89,695 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹2,39,08,486 |
| നീക്കിയിരുപ്പ് | ₹1,47,81,209 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | ₹15377000 | ₹15377000 | ₹14778925 | ₹598075 | - |
| വികസന ഫണ്ട് (എസ്.സി.പി) | - | ₹5161000 | ₹5161000 | ₹4790823 | ₹370177 | - |
| വികസന ഫണ്ട് (ടി.എസ്.പി) | - | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | ₹7241000 | ₹7241000 | ₹6581721 | ₹659279 | - |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | ₹4570000 | ₹4570000 | ₹4570000 | - | - |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant) Bank | ₹436337 | ₹2127249 | ₹2563586 | ₹1980408 | - | ₹583178 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant) Treasury | - | ₹47574 | ₹47574 | ₹47500 | ₹74 | - |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) Bank | ₹949000 | ₹3054000 | ₹4003000 | ₹2049285 | - | ₹1953715 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) Treasury | - | ₹988507 | ₹988507 | ₹596553 | ₹391954 | - |
| അനുപൂരക പോഷകാഹാരം 320100196 | ₹915778 | ₹624976 | ₹1540754 | ₹470807 | - | ₹1069947 |
| ശുചിത്വ മിഷൻ 320100198 | ₹132290 | - | ₹132290 | - | - | ₹132290 |
| സാക്ഷരത 320100197 | ₹3016 | ₹86 | ₹3102 | - | - | ₹3102 |
| ഫ്ലഡ് റിലീഫ് ഫണ്ട് 320100192 | ₹25000 | - | ₹25000 | - | - | ₹25000 |
| നിർമൽ പുരസ്കാരം 320100191 | ₹401134 | - | ₹401134 | - | - | ₹401134 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് 320200304 | ₹964000 | - | ₹964000 | - | - | ₹964000 |
| Health Grant - Support For Diagnostic Infrastructure 320100202 | - | ₹237706 | ₹237706 | ₹80584 | - | ₹157122 |
| Health Grant - Convertion Of PHCs To Wellness Centres 320100204 | - | ₹136827 | ₹136827 | ₹42500 | - | ₹94327 |
| ജലനിധി 320300102 | ₹10000 | - | ₹10000 | - | - | ₹10000 |
| ലൈഫ് സ്റ്റേറ്റ് ഷെയർ 320200399 | ₹858000 | - | ₹858000 | - | - | ₹858000 |
| ടോട്ടൽ സാനിട്ടേഷൻ | ₹489791 | - | ₹489791 | ₹264000 | - | ₹225791 |

| | | | | | | |
|---|---|---|---|---|---|---|
| PBIG 320300103 | | | | | | |
| ടോട്ടൽ സാനിട്ടേഷൻ 320100181 | ₹80000 | - | ₹80000 | - | - | ₹80000 |
| ഇലക്ഷൻ ഗ്രാന്റ് 320300199 | ₹65890 | - | ₹65890 | - | - | ₹65890 |
| അദർ ലയബിലിറ്റി - ഇ പോസ് 320100999 | ₹19035 | - | ₹19035 | - | - | ₹19035 |

കുറിപ്പ്:

- വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹31,01,053/- ഉൾപ്പെടുന്നുണ്ട്. കൂടാതെ ചെലവ് തുകയിൽ റവന്യൂ ചെലവ് ₹1,44,55,975/- രൂപയും കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ₹3,22,950/- രൂപയും ഉൾപ്പെടുന്നുണ്ട്.
- വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹9,62,204/- ഉൾപ്പെടുന്നുണ്ട്. കൂടാതെ ചെലവ് തുകയിൽ റവന്യൂ ചെലവ് ₹47,75,823/- രൂപയും കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ₹15,000/- രൂപയും ഉൾപ്പെടുന്നുണ്ട്.
- മെയിന്റനൻസ് ഗ്രാന്റ് - റോഡ് ചെലവിൽ ₹23,82,825/- രൂപ റവന്യൂ ചെലവും ₹41,98,896/- രൂപ ക്യാപിറ്റൽ കോൺട്രിബ്യൂഷനും ഉൾപ്പെടുന്നുണ്ട്.
- മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് ചെലവിൽ ₹24,84,526/- രൂപ റവന്യൂ ചെലവും ₹20,85,474/- രൂപ ക്യാപിറ്റൽ കോൺട്രിബ്യൂഷനും ഉൾപ്പെടുന്നുണ്ട്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 160 | ₹6,92,97,188 | ₹4,42,61,540 | 120 | 21 | 19 | 75% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | ₹2,57,261 | ₹9,48,735 | ₹12,05,996 | ₹31,700 | ₹11,74,296 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | ₹2,01,30,822 | ₹2,01,30,822 | ₹2,01,30,822 | - |
| ആകെ | ₹2,57,261 | ₹2,10,79,557 | ₹2,13,36,818 | ₹2,01,62,522 | ₹11,74,296 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹8,76,400 | 571 |
| വിധവാ പെൻഷൻ | ₹56,89,000 | 3714 |
| വാർദ്ധക്യകാല പെൻഷൻ | ₹1,66,65,800 | 11764 |
| വികലാംഗപെൻഷൻ | ₹18,38,800 | 1217 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹1,95,200 | 122 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹60,000 | 2 |

## 1- 8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹14,914/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല : വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും തന്നെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മരാമത്ത് വേലകളുടെ ഫയലുകളിൽ മോണിറ്ററിങ്ങ് റിപ്പോർട്ട് എഴുതി വച്ചിട്ടുണ്ടെങ്കിലും സമിതിയുടെ ചെയർമാൻ, കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവർ ഒപ്പുവച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ്ങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.10.2021 | 01.02.2021 മുതൽ 31.09.2021 വരെ | 27.10.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2008 | 1997-98 മുതൽ 2007-2008 വരെ | 17.06.2008 |

## 1-11 തനത് വരുമാനം - അവലോകനം

എറണാകുളം ജില്ലയിൽ കോതമംഗലം താലൂക്കിൽ കോതമംഗലം ബ്ലോക്കിൽ ആകെ 13 വാർഡുകളിലായി വ്യാപിച്ചാണ് പിണ്ടിമന ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. നികുതി, ഫീസ്, വാടക, ലേലത്തുക തുടങ്ങി നികുതി - നികുതി ഇതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ ഗ്രാമപഞ്ചായത്തിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം.

2) 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

3) പഞ്ചായത്തിൽ ഇ-പേയ്മെന്റ്സ് സ്വീകരിക്കുന്നതിനായി ഉപയോഗിക്കുന്നത് എസ്.ബി.ഐ യുടെ കറന്റ് അക്കൗണ്ടാണ് (നം. 67375470585). 31.03.2023 ന് ഈ അക്കൗണ്ടിൽ ₹9,42,284/- ബാലൻസ് ഉള്ളതായി കാണുന്നു. ഇപ്രകാരം ഇ-പേയ്മെന്റ്സ് വഴി ഈ അക്കൗണ്ടിൽ ലഭിക്കുന്ന തുകകൾ നിശ്ചിത ഇടവേളകളിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് അല്ലെങ്കിൽ കൂടുതൽ പലിശ വരവ് ലഭിക്കുന്ന തരത്തിൽ ഓട്ടോ സ്വീപ്പ് അക്കൗണ്ടിലേക്ക് മാറ്റുന്നതിന്റെ സാധ്യത പ്രയോജനപ്പെടുത്തി പലിശയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

4) തൊഴിൽ നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിലൂടെ നികുതി ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

5) ഓഫീസ് കെട്ടിടങ്ങൾ, വാടക കെട്ടിടങ്ങൾ എന്നിവ ഉൾപ്പെടുന്ന കെട്ടിട ആസ്തികൾ പഞ്ചായത്തിന് സ്വന്തമായിട്ടുണ്ട്. തനത് ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി പ്രധാന സ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവ കൂടുതൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിലൂടെ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടങ്ങളിൽ വാടക കരാറിന്റെ സമയോചിതമായ പുതുക്കൽ അല്ലെങ്കിൽ വാർഷിക വർദ്ധനവ് സംവിധാനം നടപ്പിലാക്കാൻ ശുപാർശ ചെയ്യുന്നു.

ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്. ആയവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ചചെയ്യുകയും ചട്ടവിധേയമായി നൂതന ആശയങ്ങൾ നടപ്പിലാക്കാവുന്നതുമാണ്.

## 1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 204പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2022-2023 തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|---|
| 1 | 6/22-23 | കരിങ്കൽ ക്വാറി | 9 |
| 2 | 10/22-23 | സിമന്റ് ഗോഡൗൺ | 6 |
| 3 | 12/22-23 | മടത്തിൽ എക്സ്പോർട്ട്സ് | 3 |
| 4 | 37/22-23 | ക്വെയിൽ & ഹണി ഫുഡ് കോർട്ട് | 4 |
| 5 | 55/22-23 | അക്ഷയ ഹോളോ ബ്രിക്സ് | 4 |
| 6 | 63/22-23 | കീർത്തി ഫുഡ് പ്രൊഡക്ട്സ് | 3 |
| 7 | 82/22-23 | ഐശ്വര്യ റൂറൽ ഹബ് | 5 |
| 8 | 99/22-23 | പേൾ ഡെക്കറേഷൻ | 4 |
| 9 | 102/22-23 | എസ് &കെ എന്റർപ്രൈസ് | 4 |
| 10 | 131/22-23 | ലയ ജ്വല്ലറി മാനുഫാക്ചറിംഗ് | 10 |
| 11 | 138/22-23 | ഇൻ ടു ദി റൂട്ട്സ് ഫാംസ് & റിസോർട്ട്സ് | 7 |
| 12 | 142/22-23 | ക്ലാസ്സി സ്റ്റോൺസ് | 4 |
| 13 | 153/22-23 | ക്യു.ബി കെം പ്രൈവറ്റ് ലിമിറ്റഡ് | 3 |
| 14 | 168/22-23 | യുണീക്ക് പെട്രോ ഡെൻ | 4 |

2) 2022-23 വർഷം പഞ്ചായത്തിലെ റേഷൻ ഡിപ്പോകളുടെ നടത്തിപ്പുകാരിൽ നിന്നും തൊഴിൽ നികുതി ഇടാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/20.09.23) മേൽ പരാമർശിച്ചവരുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി അവർക്ക് ബാധകമാകുന്ന നിരക്കിൽ ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ലൈസൻസ് അപാകങ്ങൾ സംബന്ധിച്ച്

1) ഫാക്ടറികൾക്കും, സംരംഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 3 പട്ടിക 1 ക്രമ നം.143 പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലാബുകൾ എന്നിവ നടത്തുന്നതിന് ലൈസൻസ് ആവശ്യമാണ്. എന്നാൽ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 270 പ്രകാരം 2022-23 വർഷം രജിസ്റ്റർ ചെയ്തിട്ടുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നും ലൈസൻസ്

എടുത്തിട്ടില്ല. സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ജെ.പി. മെഡിക്കൽ സെന്റർ |
| 2 | എം.ജി.എം. ഹോസ്പിറ്റൽ |
| 3 | സ്പെഷ്യലിസ്റ്റ് ലബോറട്ടറീസ് |

2) ഫാക്ടറികൾക്കും, സംരംഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 3 പട്ടിക 1 ക്രമ നം.149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾ, മാവേലി സ്റ്റോർ എന്നിവ നടത്തുന്നതിന് ലൈസൻസ് ആവശ്യമാണ്. എന്നാൽ 2022-23 ലൈസൻസ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിലെ റേഷൻ ഷോപ്പുകൾ, സപ്ലൈകോ മാവേലി സ്റ്റോർ പിണ്ടിമന എന്നിവ ലൈസൻസ് എടുത്തിട്ടില്ല.

3) ഫാക്ടറികൾക്കും, സംരംഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 3 പട്ടിക 1 ക്രമ നം.139 പ്രകാരം അബ്കാരി ഷാപ്പുകൾ നടത്തുന്നതിന് ലൈസൻസ് ആവശ്യമാണ്. ലൈസൻസ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന പിണ്ടിമന റ്റോഡി ഷാപ്പ് 2022-23 വർഷം ലൈസൻസ് എടുത്തിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/20.09.23) മേൽ പരാമർശിച്ചവരുടെ ലൈസൻസ് ഫീസ് ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് കൂടാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1- 14 ഇ-ടെണ്ടർ ഫീസിനത്തിൽ വരവ് വന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുവാൻ അവശേഷിക്കുന്നു.

മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുകകൾ സ്വീകരിക്കുന്നതിനായി പിണ്ടിമന ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ.യിൽ ആരംഭിച്ചിട്ടുള്ള കറണ്ട് അക്കൗണ്ടിൽ (നം.38597373436) 31.03.2023ൽ ₹98,175/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക 2022-23 വർഷാവസാനത്തിലും പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറിനൽകിയിട്ടില്ല. കറണ്ട് അക്കൗണ്ടിലെ തുകയ്ക്ക് പലിശ ലഭിക്കാത്തതിനാൽ പ്രസ്തുത തുക തനത് ഫണ്ട് സൂക്ഷിക്കുന്ന സേവിങ്ങ് ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി നൽകാത്തതിനാൽ ലഭിക്കുമായിരുന്ന പലിശ നഷ്ടമാകുന്ന അവസ്ഥ ഉണ്ടാകുന്നു. ഈ പരാമർശം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/19.9.23) തുക ഉടനെ കൈമാറുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

ബാലൻസ് ഷീറ്റിന്റെ ബി.15 ഷെഡ്യൂൾ പ്രകാരം ഇ-ടെണ്ടർ ഫീസിന്റെ അരിയർ ആയ ₹98,344/- രൂപയും തൻവർഷത്തെ ഫീസ് ₹80,375/- രൂപയും ഉൾപ്പെടെ ₹1,78,719/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ₹ 98,175/- രൂപ മാത്രമാണ് നീക്കിയിരിപ്പുള്ളത്. കണക്കുകൾ പരിശോധിച്ച് പഞ്ചായത്തിന് ലഭിക്കേണ്ട തുക മുഴുവനായും തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-15 വൗച്ചർ പരിശോധനയിലെ അപാകതകൾ

2022-23 സാമ്പത്തിക വർഷം തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റ വൗച്ചർ പരിശോധിച്ചതിൽ താഴെ ചേർത്ത ചെലവുകൾ സംബന്ധിച്ച് അപാകതകൾ കാണുന്നു.

1. മണ്ണ് ലേലം- റീഫണ്ട് അനുവദിച്ചത്

ചെലവ് തുക/ചെക്ക് നമ്പർ/തീയതി : ₹2,42,768/- 094095/29.3.23

3000 M3 മണ്ണ് നൽകുന്നതിനാണ് ഒരു M3ന് 230.14 നിരക്കിൽ ഈടാക്കിയത്. എന്നാൽ 1054.871m3 ന് 230.14 നിരക്കിൽ ₹242768 തിരിച്ചു കൊടുത്തു. ഇപ്രകാരം തുക തിരികെ നൽകാൻ ഇടയായ സാഹചര്യം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി-21 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഇനിഷ്യൽ അളവ് എടുത്തത് പ്രകാരമാണ് 3000 M3 മണ്ണ് കണക്കാക്കിയതെന്ന് വ്യക്തമാക്കിയിരുന്നു. ഫൈനൽ വാല്യുവേഷൻ നടത്താതെ 3000 M3 മണ്ണ് കണക്കാക്കി തുക ഈടാക്കിയത് ശരിയായ നടപടിയല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2. KWA യ്ക്ക് ഡെപ്പോസിറ്റ് നൽകിയത്

ചെലവ് തുക/ചെക്ക് നമ്പർ/തീയതി : ₹1,50,000/- 094077/28.03.2023

പൊതു ടാപ്പുകൾ നിർത്തലാക്കുന്നതിന് വേണ്ടി കേരള വാട്ടർ അതോറിറ്റിക്ക് നൽകിയത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-21 /20.09.2023ന് ലഭ്യമാക്കിയ മറുപടിയിൽ 1,50,000/- രൂപ വിനിയോഗിച്ച് 94 പൊതു ടാപ്പുകൾ നിർത്തലാക്കിയെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ ചെയ്ത പ്രവൃത്തിയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ

നൽകിയ തുക തടസ്സപ്പെടുത്തുന്നു.

1-16 ഹരിതകർമ്മ സേനയ്ക്ക് ഇ-ഓട്ടോ - പ്രവർത്തനം ആരംഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | എസ്.0183/23 |
| പ്രോജക്ടിന്റെ പേര് | ഹരിതകർമ്മ സേനയ്ക്ക് ഇ-ഓട്ടോ വാങ്ങൽ |
| അടങ്കൽ | ₹10,000/- (തനത് ഫണ്ട്)<br>₹5,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് വിവരം | ₹ 4,58,407/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) തീയതി.23.3.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമപഞ്ചായത്ത് |

കോതമംഗലം ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് നടപ്പിലാക്കിയതാണ് "ഹരിതകർമ്മ സേനയ്ക്ക് ഇ-ഓട്ടോ വാങ്ങൽ" എന്ന പ്രോജക്ട്. കുട്ടിക്കാരൻ ഗ്രീൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും Piaggio Ape Electric E-Xtra എന്ന വാഹനം വാങ്ങി KL-44-H-6762 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

KL-44-H-6762 എന്ന രജിസ്ട്രേഷൻ നമ്പരുള്ള ഈ വാഹനം അസറ്റ് രജിസ്റ്ററിൽ ചേർത്ത് ഹരിത കർമ്മ സേനയ്ക്ക് കൈമാറി മാലിന്യശേഖരണത്തിനായി നിലവിൽ ഉപയോഗിക്കുന്നില്ല. പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് ബന്ധപ്പെട്ട മോണിട്ടറിങ്ങ് സമിതിയുടെ റിപ്പോർട്ട് ലഭ്യമല്ല. വാഹനത്തിന്റെ വാറണ്ടി വിവരം ലഭ്യമല്ല. എന്നാൽ മൂന്ന് വർഷത്തേക്ക് എ.എം.സി.ക്കായി ₹13,500/- (Invoice AMC/EKM-003/08.04.23) രൂപ നൽകിയിട്ടുണ്ട്. എ.എം.സി. ആരംഭിക്കേണ്ടത് സാധാരണ OEM (Original Equipment Manufacturer) തരുന്ന വാറണ്ടി / ഗ്യാരണ്ടി പിരീഡ് കഴിഞ്ഞതിന് ശേഷമാണ്. ഇവിടെ എ.എം.സി. ഇൻവോയ്സ് തീയതി മുതൽ മൂന്ന് വർഷത്തേക്കാണ് എന്ന് കാണുന്നു. ഈ സാഹചര്യത്തിൽ പുതിയ വാഹനത്തിന് OEM തരേണ്ട വാറണ്ടി / ഗ്യാരണ്ടി പിരീഡ് ലഭ്യമായിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/20.9.23) വാഹനം ഹരിതകർമ്മസേന കൺസോർഷ്യത്തിന് കൈമാറുന്ന നടപടികൾ പൂർത്തീകരിച്ച് വരുന്നതായും മോണിട്ടറിങ്ങ് സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വാഹനത്തിന്റെ വാറണ്ടി പിരീഡ് മൂന്ന് വർഷമാണെന്നും പീരിയോഡിക് സർവ്വീസിൽ ഉൾപ്പെടാത്ത ചെലവുകൾക്കാണ് മൂന്ന് വർഷത്തേക്ക് എ.എം.സി.ചാർജ്ജ് ₹13,500/- രൂപ നൽകിയിട്ടുള്ളത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ വാറണ്ടി പിരീഡിൽ എ.എം.സി.ക്കായി തുക നൽകിയത് അംഗീകരിക്കുന്നില്ല.

മേൽ പരാമർശങ്ങളുടെ സാധൂകരണത്തിന് വിധേയമായി ₹4,58,407/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം. | എസ്.0078/23 |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| അടങ്കൽ | ₹5,00,000/- (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് വിവരം | ₹ 1,65,000/- (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്)<br>E-Gram Swaraj- XVFC/2022-23/P/27/18.1.23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ 12 വാട്ട്സ് എൽ.ഇ.ഡി. തെരുവുവിളക്കുകൾ 20.12.2022 മുതൽ 19.12.2023 വരെ പരിപാലിക്കുന്നതിനായി യൂണിറ്റ് ഒന്നിന് ₹595 രൂപ നിരക്കിൽ മെസ്സേഴ്സ് പായിപ്ര കോൺട്രാക്ടേഴ്സ് , മാനാറി, തൃക്കളത്തൂർ എന്ന സ്ഥാപനവുമായി 20.12.2022 ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി കരാർ സ്ഥാപനത്തിന് നൽകിയിട്ടുള്ള തുകയുടെ വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്.

എന്നാൽ കരാറിൽ ഗ്രാമപഞ്ചായത്തിൽ എത്ര 12 വാട്ട്സ് എൽ.ഇ.ഡി. തെരുവ് വിളക്കുകൾ ഉണ്ടെന്നും കരാർ പ്രകാരം പരിപാലിക്കേണ്ട പ്രസ്തുത വിളക്കുകളുടെ എണ്ണമെത്രയെന്നോ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ വാർഡ് തിരിച്ച് എത്ര തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച തെരുവ് വിളക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി 9/19.9.23 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന് മറുപടിയായി പഞ്ചായത്തിലെ കേടായ മുഴുവൻ എൽ.ഇ.ഡി. ലൈറ്റുകളും നന്നാക്കുന്നതിനായിട്ടാണ് എഗ്രിമെന്റ് വച്ചതെന്നും വാർഡ് തിരിച്ചുള്ള സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ കാലികമാക്കി വരുന്നതേയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ ഉൾപ്പെടുത്തി വാർഡ് തിരിച്ചുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇതിനു വിധേയമായി ₹1,65,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 സാക്ഷരത പ്രവർത്തനങ്ങൾ - അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | സാക്ഷരതാ പ്രവർത്തനങ്ങൾ |
| പ്രോജക്ട് നമ്പർ | 137/22-23 |
| അടങ്കൽ | ₹21,850/- |
| ചെലവ് | ₹21,850 (വികസനഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം) |
| ബിൽ നം./തീയതി, തുക | 250/ 13.03.2023 - ₹ 21,850/- |
| നിർവ്വഹണഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ. യു.പി. സ്കൂൾ, പിണ്ടിമന |

ഹെഡ്മാസ്റ്റർ ഗവ.യു.പി. സ്കൂൾ, പിണ്ടിമന നിർവ്വഹണം നടത്തിയ സാക്ഷരത പ്രവർത്തനങ്ങൾ പ്രോജക്ട് പ്രകാരം ഒരു പത്താം തരം വിദ്യാർത്ഥിക്കും (₹1,850/-) ഹയർസെക്കണ്ടറി ഒന്നാം വർഷം 8 വിദ്യാർത്ഥികൾക്കും (₹2,500/- വീതം) കോഴ്സ് ഫീസായി ആകെ ₹21,850/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. ഇതിൽ ഹയർസെക്കണ്ടറി ഒന്നാം വർഷം രജിസ്റ്റർ ചെയ്തിരുന്ന മൂന്ന വിദ്യാർത്ഥികൾ പരീക്ഷ പാസ്സായതിന്റെ രേഖകൾ ലഭ്യമായിട്ടുണ്ട്. എന്നാൽ തുല്യതാ കോഴ്സിന് രജിസ്റ്റർ ചെയ്ത താഴെ ചേർത്ത വിദ്യാർത്ഥികൾ പരീക്ഷയിൽ ഹാജരായതിന്റെ വിവരങ്ങൾ പരിശോധനക്ക് ലഭ്യമായില്ല.

| ക്രമ നമ്പർ | പേര് | കോഴ്സ് |
|---|---|---|
| 1 | സൗമ്യ ആന്റണി, കൊട്ടാരത്തേൽ, ഭൂതത്താൻകെട്ട് പി ഒ | പത്താം തരം തുല്യതാ കോഴ്സ് |
| 2 | സിജു ലൂക്കോസ്, കടവുങ്കൽ | ഹയർസെക്കണ്ടറി ഒന്നാം വർഷം തുല്യതാ കോഴ്സ് |
| 3 | അനൂപ് എം പി, അയിരൂർപാടം | ഹയർസെക്കണ്ടറി ഒന്നാം വർഷം തുല്യതാ കോഴ്സ് |
| 4 | തസ്നി.ഒ.എ, കുമ്പാശ്ശേരി, അയിരൂർപാടം | ഹയർസെക്കണ്ടറി ഒന്നാം വർഷം തുല്യതാ കോഴ്സ് |
| 5 | വിൽസൻ.സി.തോമസ്, പിണ്ടിമന | ഹയർസെക്കണ്ടറി ഒന്നാം വർഷം തുല്യതാ കോഴ്സ് |
| 6 | എബി പോൾ, പിണ്ടിമന | ഹയർസെക്കണ്ടറി ഒന്നാം വർഷം തുല്യതാ കോഴ്സ് |

മേൽവിവരങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/10-9-2023) ക്രമനമ്പർ 1 ൽ സൂചിപ്പിച്ച വിദ്യാർത്ഥിയുടെ പരീക്ഷ നടന്നു കൊണ്ടിരിക്കുന്നുവെന്നും ബാക്കി അഞ്ച് പേർ ഈ വർഷം ക്ലാസ്സിൽ പങ്കെടുക്കും എന്നുമാണ് മറുപടി ലഭ്യമായത്, മറുപടി തൃപ്തികരമല്ല. ആയതിനാൽ പത്താം തരം വിദ്യാർത്ഥിക്കും പന്ത്രണ്ടാം തരത്തിലെ 5 വിദ്യാർത്ഥികൾക്കുമായി ചെലവാക്കിയ ₹14,350/- തടസ്സപ്പെടുത്തുന്നു. ഇവർ കോഴ്സ് പൂർത്തിയാക്കി തുല്യതാ പരീക്ഷയിൽ ഹാജരായതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് മേൽ തടസ്സം ഒഴിവാക്കുന്നതാണ്.

1- 19 ഹോമിയോ ആശുപത്രിക്ക് മരുന്ന് - പൂർണ്ണമായും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ പ്രോജക്ടിന്റെ (നം. എസ്.0014/23) ഭാഗമായി ഹോംകോ ലിമിറ്റഡിന് ₹2,00,000/- രൂപ (UTR RBI 1822224562482/ 30.6.22) മുൻകൂറായി നൽകിയിട്ടുണ്ട്. 2022 ജൂൺ മാസത്തിൽ തുക നൽകിയെങ്കിലും ആവശ്യപ്പെട്ട മരുന്നുകൾ പൂർണ്ണമായും ആശുപത്രിയിൽ ലഭ്യമായിട്ടില്ല എന്നു കാണുന്നു. ഇനിയും ലഭിക്കുവാനുള്ള മരുന്നിന്റെ മൂല്യം ചുവടെ ചേർക്കുന്നു.

| മുൻകൂർ നൽകിയ തുക | ലഭ്യമായ മരുന്നിന്റെ വിവരം | | ഇനിയും ലഭിക്കുവാനുള്ളത് |
|---|---|---|---|
| ₹2,00,000/- | ഇൻവോയ്സ്. LF 185/5.6.23 | ₹1,41,218/- | ₹58,782/- |

22-23 വർഷത്തിൽ മരുന്നിനായി പണം നൽകിയെങ്കിലും അടുത്ത സാമ്പത്തിക വർഷത്തിൽ മാത്രമാണ് ഭാഗികമായി മരുന്നുകൾ ലഭിച്ചിട്ടുള്ളൂ. ബാക്കി മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ചും മരുന്ന് യഥാസമയം ലഭിക്കാത്തത് രോഗികളായ ഗുണഭോക്താക്കൾക്ക് ചികിത്സ നൽകുന്നതിന് തടസ്സം നേരിടുന്നുണ്ടോ എന്നത് സംബന്ധിച്ചും ഉള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 25/20.9.23) മറുപടിയിൽ ഈ മാസാവസാനം മരുന്ന് ലഭ്യമാകുമെന്ന് അറിയിച്ചിട്ടുണ്ട്.

മരുന്ന് ലഭ്യമാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് വിധേയമായി ₹58,782/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 പി.എച്ച്.സിക്ക് മരുന്ന് വാങ്ങൾ- ആവശ്യകതാ നിർണ്ണയം നടത്താതെ പല തവണയായുള്ള വാങ്ങൽ.

| | |
|---|---|
| പ്രോജക്ട് നം. | എസ്.0017/23 |
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹80,131/- (വികസന ഫണ്ട് - പൊതുവിഭാഗം)<br>₹1,68,000/- ( മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |
| ചെലവ് വിവരം | ₹79,845/- (വികസന ഫണ്ട് - പൊതുവിഭാഗം)<br>₹1,65,782/- (മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്) |

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം വിവിധ സമയങ്ങളിൽ സപ്ളൈക്കോ, നീതി മെഡിക്കൽ സ്റ്റോർ, കെ.എസ്.ഡി.പി. എന്നീ സ്ഥാപനങ്ങളിൽ നിന്നും മരുന്ന് വാങ്ങിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | തുക | മെഡിസിൻ സപ്ലൈ ചെയ്ത സ്ഥാപനം |
|---|---|---|
| 60407/30.6.22 | ₹1,500 | സപ്ളൈക്കോ മെഡിക്കൽ സ്റ്റോർ |
| 58348/30.6.22 | ₹14,805 | സപ്ലൈകോ മെഡിക്കൽ സ്റ്റോർ |
| 34275/11.8.22 | ₹29,833 | സപ്ലൈകോ മെഡിക്കൽ സ്റ്റോർ |
| 60390/30.6.22 | ₹14,805 | സപ്ലൈകോ മെഡിക്കൽ സ്റ്റോർ |
| 34322/11.8.22 | ₹29,911 | നീതി മെഡിക്കൽ സ്റ്റോർ |
| 76447/26.9.22 | ₹7,095 | സപ്ലൈകോ മെഡിക്കൽ സ്റ്റോർ |
| 48225/14.3.23 | ₹17,740 | സപ്ലൈകോ മെഡിക്കൽ സ്റ്റോർ |
| 48259/8.11.22 | ₹370 | സപ്ലൈകോ മെഡിക്കൽ സ്റ്റോർ |
| 59363/24.3.23 | ₹264 | സപ്ലൈകോ മെഡിക്കൽ സ്റ്റോർ |
| 59317/24.3.23 | ₹6,990 | സപ്ലൈകോ മെഡിക്കൽ സ്റ്റോർ |
| 16932/21.3.23 | ₹21,397 | സപ്ലൈകോ മെഡിക്കൽ സ്റ്റോർ |
| 16913/21.3.23 | ₹29,771 | സപ്ലൈകോ മെഡിക്കൽ സ്റ്റോർ |
| 82783/17.3.23 | ₹39,076 | കെ.എസ്.ഡി.പി. |
| 48091/14.3.21 | ₹32,070 | സപ്ലൈകോ മെഡിക്കൽ സ്റ്റോർ ₹720/-<br>കെ.എസ്.ഡി.പി. ₹31350/- |
| ആകെ | ₹2,45,627 | |

സ്റ്റോർ പർച്ചേയ്സ് മാനവൽ ഖണ്ഡിക 6.1 പ്രകാരം ഒരു വർഷത്തേക്ക് ആവശ്യമായ സാധനങ്ങളുടെ ആവശ്യകത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുന്നോടിയായി തന്നെ തയ്യാറാക്കണമെന്ന് വ്യവസ്ഥയുണ്ട്. കൂടാതെ ഖണ്ഡിക 16.15 (V) പ്രകാരം പർച്ചേയ്സിങ്ങ് ഓഫീസർ മൂന്ന് മാസത്തേക്കോ, ആറ് മാസത്തേക്കോ ഒരു വർഷത്തേക്കോ ഉള്ള ആവശ്യകതാ നിർണ്ണയം നടത്തണമെന്നും തദ്വാര പീസ്മീൽ പർച്ചേയ്സുകൾ ഒഴിവാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ചട്ടങ്ങൾക്ക് വിരുദ്ധമായി ഒരു നിശ്ചിത കാലത്തേക്ക് ആവശ്യകതാ നിർണ്ണയം നടത്താതെയാണ് ഓരോ മാസത്തിലും ഒന്നോ അതിലധികം തവണയോ മരുന്നുകൾ വാങ്ങിയിട്ടുള്ളത് എന്ന് കാണുന്നു. ബൾക്ക് പർച്ചേയ്സ് നടത്തുമ്പോൾ ലഭിക്കേണ്ട നിരക്കിലുള്ള കുറവ് ലഭിക്കാതെ പോകുന്നതിന് ഇത് കാരണമായിട്ടുണ്ട്. ചട്ടവിരുദ്ധമായി മരുന്നുകൾ പർച്ചേയ്സ് നടത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/20.9.23) മറുപടിയിൽ മരുന്നുകൾ തീരുന്ന മുറയ്ക്കാണ് ഇത്തരത്തിൽ വാങ്ങിയിട്ടുള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. വാർഷിക ആവശ്യകതാ നിർണ്ണയം നടത്താത്തതുമൂലമാണ് മരുന്ന് അപര്യാപ്തമാകുന്നത് എന്ന് കാണുന്നു. ആയതിനാൽ ചട്ടം അനുശാസിക്കും പ്രകാരം ആവശ്യകതാ നിർണ്ണയം നടത്തി മരുന്നുകൾ ഒറ്റത്തവണയായി വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-21 ലൈഫ് പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മുൻവർഷങ്ങളിൽ ചെയ്ത ലൈഫ് ഭവന പദ്ധതി പ്രകാരം താഴെ ചേർത്ത ഗുണഭോക്താക്കൾക്ക് മേൽ പദ്ധതി ധനസഹായം പൂർണ്ണമായി അനുവദിക്കുകയോ ഭവന നിർമ്മാണം

പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവ് | നൽകിയ ധനസഹായം | നൽകാനുള്ള ബാക്കി തുക |
|---|---|---|---|
| 1 | തങ്കച്ചൻ വർക്കി, മാറാച്ചേരി | ഒന്നാം ഗഡു - 10-8-2020= ₹40000/-<br>രണ്ടാം ഗഡു -6-2-2021 = ₹160000/-<br>ആകെ = ₹200000/- | ₹200000/- |
| 2 | റെജി ഏലിയാസ്, കിഴേത്തുമറ്റത്തിൽ, ഭൂതത്താൻകെട്ട് പി ഒ | ഒന്നാം ഗഡു -10-8-2020 - ₹40000/-<br>രണ്ടാം ഗഡു - 6-2-2021 = ₹160000/-<br>ആകെ = ₹200000/- | ₹200000/- |
| 3 | സാഹിറ സലിം, ആഞ്ഞിലിമൂട്ടിൽ, പിണ്ടിമന പി ഒ | ഒന്നാം ഗഡു -25-3-2021 - ₹40000/-<br>രണ്ടാം ഗഡു - 7-6-2021 = ₹160000/-<br>മൂന്നാം ഗഡു - 24-9-2022 = ₹100000/-<br>ആകെ = ₹300000/- | ₹100000/- |
| 4 | കുട്ടപ്പൻ സി കെ, വാരിക്കാട്ടിൽ, ഭൂതത്താൻകെട്ട് പി ഒ (General) | ഒന്നാം ഗഡു - 15-9-2018 = ₹40000<br>രണ്ടാം ഗഡു - 16-1-2019 =₹100000/-<br>ആകെ = ₹140000/- | ₹260000/- |

ഇവർക്ക് ധനസഹായം പൂർണ്ണമായി നൽകിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/21-9-2023) ക്രമനമ്പർ 1, 2 പ്രകാരമുള്ള ഗുണഭോക്താക്കൾ നിലവിൽ ഭവനനിർമ്മാണം നടത്തുന്നില്ലെന്നും ആയതിനാൽ ഈ വ്യക്തികളിൽ നിന്നും ആനുകൂല്യം നൽകിയ തുക റവന്യൂ റിക്കവറി വഴി തിരിച്ചു പിടിക്കുന്നതാണെന്നും ക്രമനമ്പർ 3 പ്രകാരമുള്ള ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർഗഡുക്കൾ നൽകുന്നതാണെന്നും ക്രമനമ്പർ 4 പ്രകാരമുള്ള ഗുണഭോക്താവ് മരണപ്പെട്ടെന്നും ടി വ്യക്തിയുടെ കുടുംബത്തിൽ മറ്റാരുമില്ലെന്നും ആയതിനാൽ റവന്യൂ റിക്കവറി വഴി തുക ഈടാക്കാൻ മാർഗ്ഗമില്ലെന്നും അറിയിച്ചു. മാത്രമല്ല ടിയാൾ തറപണി പൂർത്തീകരിച്ചതാണെന്നും തറപണി പൂർത്തീകരിക്കുമ്പോൾ ₹2,00,000/- നൽകാമെന്നും എന്നാൽ ടിയാൾക്ക് ₹1,40,000/- നൽകിയുള്ളുവെന്നും മറുപടി ലഭ്യമാക്കി. ക്രമനമ്പർ 1, 2 , 3 എന്നീ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവനനിർമ്മാണം പുനരാരംഭിക്കാത്ത പക്ഷം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. ക്രമനമ്പർ 4 ലെ ഗുണഭോക്താവിന്റെ വിഷയം സർക്കാർ നിർദ്ദേശത്തിന് സമർപ്പിച്ച് ആയതിന് വിധേയമായി പരിഹരിക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-22 മാലിപ്പാറ സ്റ്റേഡിയം മുടിയറ റോഡ് കലുങ്ക് നിർമ്മാണം - കുഴിച്ചെടുത്ത മണ്ണിന്റെ വില കുറവ് ചെയ്തിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | മാലിപ്പാറ സ്റ്റേഡിയം മുടിയറ റോഡ് കലുങ്ക് നിർമ്മാണം (എസ്.0052/23) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | ₹588199 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം-₹578199<br>തനത് ഫണ്ട്-₹10000/- |
| ചെലവ് | ₹5,78,199(XVFC/22-23/P/23 Dt 30.12.23<br>ബിൽ നമ്പർ/തീയതി(XVFC/22/P/23/30.12.2022<br>₹10,000 ചെക്ക് നമ്പർ/തീയതി-094177/10.01.23 |
| കരാറുകാരൻ | മൊയിതീൻഎൻ.ബി |
| എം.ബുക്ക് | 317/21-22 |

പിണ്ടിമന ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മാലിപ്പാറ സ്റ്റേഡിയം മുടിയറ റോഡ് കലുങ്ക് നിർമ്മാണം എന്ന പദ്ധതിയിൽ ഇനം-1 ആയി 32.510 എം3 Earth Work Excavation(3.5.1) നടത്തിയിരുന്നു. എന്നാൽ 12.08.2022 ൽ അടങ്കൽ തുകയിൽ മാറ്റം വരുത്താതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. കൂടാതെ എക്സ്ട്രാ ഇനമായി പേജ് -15 ൽ 4.091 എം3 മണ്ണും കുഴിച്ചെടുത്തതിന് തുക അനുവദിച്ചിരുന്നു. ആകെ ഈ ഇനത്തിൽ 36.601X358.480=₹13120.73അനുവദിച്ചിട്ടുണ്ട്. എം ബുക്കിൽ റോഡിന്റെ വശങ്ങളിൽ മണ്ണ് നിക്ഷേപിച്ചുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എക്സ്ട്രാ ഇനം-5 ആയി 13.20 എം3 കരാറുകാരന്റെ

മണ്ണ് ഉപയോഗിച്ച് കലുങ്കിന്റെ പിറ്റ്, ഫില്ലിംഗ് നടത്തിയിട്ടുണ്ട്(പേജ്-19) എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് 13.20x384.240=₹5071.97 കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ ഫില്ലിംഗ് സംബന്ധിച്ച് രേഖപ്പെടുത്തൽ ഇല്ലായിരുന്നു. കുഴിച്ചെടുത്ത മണ്ണ് മേൽ പ്രവൃത്തിക്ക് ഉപയോഗിക്കാമായിരുന്നുവെങ്കിലും റോഡിന് ഇരുവശവും നിക്ഷേപിച്ചുവെന്ന് എം ബുക്കിൽ രേഖപ്പെടുത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-13 ന് 20.09.2023 ൽ ലഭ്യമാക്കിയ മറുപടി താഴ്ന്ന റോഡിന്റെ ഇരുവശവും കരിങ്കൽ കെട്ടി അതിനുള്ളിൽ മണ്ണ് ഫില്ലിംഗ് നടത്തിയതാണെന്നാണ്. ഇവിടെ ഇനിയും മണ്ണ് ഫില്ലിംഗ് നടത്തേണ്ടതുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഇക്കാര്യം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. കുഴിച്ചെടുത്ത മണ്ണ് കലുങ്ക് നിർമ്മിച്ചതിന് ശേഷം ഫില്ലിംഗിന് ഉപയോഗിക്കാതെ കരാറുകാരന്റെ മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയത് ശരിയായ നടപടിയല്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-23 ചാത്തൻ ചിറ നവീകരണം - ലക്ഷ്യം കൈവരിച്ചിട്ടില്ല

എ)

| | |
|---|---|
| പ്രൊജക്ടിന്റെ പേര്, നമ്പർ | ചാത്തൻ ചിറ നവീകരണം (എസ്.0003/23) |
| അടങ്കൽ | ₹1527000(സി.എഫ്.സി ഫണ്ട്) |
| ചെലവ് | ₹863401 (ബിൽ നമ്പർ/തീയതി-XVFC/2022-23/P/76/29.03.2023 |
| കരാറുകാരൻ | ഷാജു മത്തായി |
| അളവ് പുസ്തക നമ്പർ | LSGD/CELSGD/MB/64612/22/511 |

ബി)

| | |
|---|---|
| പ്രൊജക്ടിന്റെ പേര്, നമ്പർ | ചാത്തൻ ചിറ നവീകരണം (എസ്.0044/23) |
| അടങ്കൽ | ₹1003966 |
| ചെലവ് വിവരം | ₹962702(ബിൽ നമ്പർ/തീയതി-XVFC/2022-23/P/37/24.03.2023 |
| കരാറുകാരൻ | ബേസിൽ ബെൻ ജോർജ്ജ് |
| അളവ് പുസ്തക നമ്പർ | 321/ 21-22 |

പിണ്ടിമന ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം നടത്തിയ ചാത്തൻ ചിറ നവീകരണം എന്ന പദ്ധതിയുടെ ചെലവ് പരിശോധിച്ചിരുന്നു. 2021-22 സാമ്പത്തിക വർഷം തുടങ്ങിയ പ്രോജക്ടിന്റെ തുക അനുവദിച്ചത് 2022-23 സാമ്പത്തിക വർഷമാണ്. ഇതുമായി ബന്ധപ്പെട്ട് ചില അപാകതകൾ കാണുന്നു. ആയത് താഴെ ചേർക്കുന്നു.

1)ഒരേ പ്രവൃത്തി വ്യത്യസ്ത പ്രോജക്ടും എസ്റ്റിമേറ്റും തയ്യാറാക്കി രണ്ട് കരാറുകാരെ കൊണ്ട് ചെയ്തതായി കാണുന്നു. 2021-22 സമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ടിന്റെ ചെലവ് സ്പിൽ ഓവറായി 2022-23 വർഷമാണ് വന്നത്. 2022-23 സമ്പത്തിക വർഷത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതും 2021-22 സാമ്പത്തിക വർഷത്തെ തുകയും ഉൾപ്പെടെ ആകെ ₹18,26,103/- ചെലവഴിച്ചിട്ടുണ്ട്. ഒരു പ്രോജക്ടിന് വ്യത്യസ്ത എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പിലാക്കുന്നത് ശരിയായ നടപടിയല്ല. മേൽ ചെലവ് സംബന്ധിച്ച് ഒരു ഡി.പി.ആർ തയ്യാറാക്കുകയോ ആകെ ചെലവ്, ഫീസിബിലിറ്റി എന്നിവ സംബന്ധിച്ചും യാതൊരു കാഴ്ചപ്പാടും ഇല്ലാതെയാണ് പ്രോജക്ട് നടപ്പിലാക്കിയത്.

2) നിലവിൽ പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതി ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ്. ആയത് ഉൾപ്പെടുത്തിയിട്ടില്ല.

3) കുടിവെള്ള സംരക്ഷണം മുൻ നിർത്തിയാണ് പദ്ധതി ആസൂത്രണം ചെയ്തത് എന്നത് മറുപടിയിൽ വ്യക്തമാക്കിയെങ്കിലും നിലവിൽ ഉപയോഗപ്രദമാണോയെന്ന് വ്യക്തമല്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(17/20.09.2023) ലഭ്യമാക്കിയ മറുപടി പരിശോധിച്ചിരുന്നു. വേനൽ കാലത്ത് പെരിയാർ വാലി കനാലിൽ നിന്നും കനാൽ വഴി ചിറയിലേക്ക് വെള്ളം എത്തിച്ച് ചിറ നിറച്ചാൽ മാത്രമേ സമീപ പ്രദേശങ്ങളിലുള്ള കിണറുകൾക്ക് വെള്ളം കിട്ടുകയുള്ളൂവെന്നും വ്യക്തമാക്കിയിട്ടുണ്ട്. മറുപടിയിൽ ആസ്തി രജിസ്റ്ററിൽ ഈ ചെലവു കൂടി ഉൾപ്പെടുത്തിയെന്ന് വ്യക്തമാക്കിയിരുന്നു. ചിറ നവീകരണ പ്രോജക്ട് പാഴ് ചെലവായി മാറാതിരിക്കുന്നതിന് ഭരണസമിതി സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 തേഞ്ചിറ കുടിവെള്ള പദ്ധതി - വാർഡ് - 9 പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | തേഞ്ചിറ കുടിവെള്ള പദ്ധതി – വാർഡ്-9 (എസ്.0149/23) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | ₹5,00,000/- (സി.എഫ്.സി ഫണ്ട്) |

| | |
|---|---|
| ചെലവ് | ₹2,71,630/- (ബിൽ നമ്പർ / തീയതി- UTR No-22120800000022294 /30-03-2023 ) |
| കരാറുകാരൻ | കെ.പി. ഐസക് |
| എം.ബുക്ക് | 64610/2022/511/RE 1 |

പിണ്ടിമന ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ തേഞ്ചിറ കുടിവെള്ള പദ്ധതി വാർഡ്-9 എന്ന പ്രോജക്ടിൽ വെള്ളം പമ്പ് ചെയ്ത് എർത്ത് വർക്ക് എസ്കവേഷൻ നടത്തി ചിറ കുടിവെള്ള ആവശ്യത്തിന് ഉപയോഗ പ്രദമാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എസ്റ്റിമേറ്റ് പ്രകാരം 206.400 എം3 എർത്ത് വർക്ക് എസ്കവേഷൻ നടത്തി (ഹൈഡ്രോലിക്ക്) അതിന് ശേഷം എർത്ത് വർക്ക് എസ്കവേഷൻ ഇൻ ഓർഡിനറി സോയിൽ ഫസ്റ്റ് ഡപ്ത്ത് (480 എം3) എർത്ത് വർക്ക് എസ്കവേഷൻ ഇൻ ഓർഡിനറി സോയിൽ സെക്കന്റ് ഡപ്ത്ത് (320 എം3) എന്നിങ്ങനെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എം ബുക്ക് പ്രകാരം 162.138എം3 ( ₹214.03/എം3 നിരക്കിൽ) എർത്ത് വർക്ക് എസ്കവേഷൻ നടത്തി (ഹൈഡ്രോലിക്ക്) അതിന് ശേഷം എർത്ത് വർക്ക് എസ്കവേഷൻ ഇൻ ഓർഡിനറി സോയിൽ ഫസ്റ്റ് ഡപ്ത്ത് 446.892 എം3 (320.40/എം3 നിരക്കിൽ) നടത്തുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ടുള്ള അപാകതകൾ താഴെ ചേർക്കുന്നു.
1. കുഴിച്ചെടുത്ത മണ്ണ് സ്റ്റാക്ക് ചെയ്തിട്ടില്ല.
2. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.
3. കുടിവെള്ള പദ്ധതി അസറ്റ് രജിസ്റ്ററിൽ ഉൾപ്പെട്ടതാണോയെന്ന് വ്യക്തമല്ല. പുതിയതായി ചേർക്കേണ്ടതാണെങ്കിൽ ആയത് ചേർത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.
ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-18 ന് 20.09.2023 ൽ ലഭ്യമാക്കിയ മറുപടിയിൽ ചിറയുടെ നവീകരണവുമായി ബന്ധപ്പെട്ട് കുഴിച്ചെടുത്ത മണ്ണ് ചിറയുടെ ചുറ്റിലും നിക്ഷേപിച്ചുവെന്നാണ്. കൂടാതെ മോണിറ്ററിംഗ് റിപ്പോർട്ട് ചേർത്തിട്ടുണ്ടെന്നാണ്. ആയത് ഓഡിറ്റിൽ ലഭ്യമാക്കിയില്ല. കുടിവെള്ളം വിതരണം സംബന്ധിച്ച് യാതൊരു പ്രവൃത്തിയും മിനിറ്റ്സിൽ രേഖപ്പെടുത്തിയതായി പഞ്ചായത്തിന്റെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്നും കാണാൻ കഴിഞ്ഞില്ല. പ്രോജക്ടിന്റെ ഉദ്ദേശ ലക്ഷ്യം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-25 തൊഴിലുറപ്പ് ഭരണചെലവ് റീക്കൂപ്പ് ചെയ്തില്ല.

തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവുകൾ തനത് ഫണ്ടിൽ നിന്നും മുൻകൂറായി നൽകുകയും പദ്ധതി പണം ലഭിക്കുമ്പോൾ തുക തനത് ഫണ്ടിലേക്ക് തിരികെ അടവാക്കുകയുമാണ് ചെയ്യുന്നത്. പിണ്ടിമന പഞ്ചായത്തിൽ ഈ ഇനത്തിൽ തനത് ഫണ്ടിലേക്ക് തിരികെ ലഭിക്കാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| കോഡ് | മുൻവർഷം ലഭിക്കാനുള്ളത് | തൻവർഷം മുൻകൂർ നൽകിയത് | തൻവർഷാവസാനം ലഭിക്കാനുള്ളത് |
|---|---|---|---|
| 460500801 | ₹931689 | ₹999504 | ₹1931193 |

ഭരണചെലവുകൾക്ക് വേണ്ടിയുള്ള ബാങ്ക് അക്കൌണ്ട് കണക്കനുസരിച്ച് മുന്നിരുപ്പ് ₹2,57,261 രൂപയും തൻവർഷ നീക്കിയിരുപ്പ് ₹11,74,296 രൂപയും കാണുന്നുണ്ട്. എന്നാൽ തൻവർഷം തനത് ഫണ്ടിലേക്ക് ലഭിക്കേണ്ട തുക ഇതിൽ നിന്നും ക്രമീകരിച്ചിട്ടില്ല. യഥാസമയം തൊഴിലുറപ്പ് അക്കൌണ്ടിൽ ലഭ്യമായ ഫണ്ട് തനത് ഫണ്ടിലേക്ക് തിരികെ മാറ്റാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് ലഭിക്കേണ്ട പലിശയിൽ നഷ്ടം ഉണ്ടാകുന്നതായി കാണുന്നു.

തൊഴിലുറപ്പ് പദ്ധതി ഭരണചെലവിനായുള്ള തുക ലഭ്യമാകുന്ന മുറയ്ക്ക് തന്നെ തനത് ഫണ്ടിൽ നിന്നും മുൻകൂർ നൽകുന്ന തുക തിരികെ ഈടാക്കേണ്ടതാണ്.

1-26 റിഡംപ്ഷൻ തുക തിരികെ ലഭിച്ചിട്ടില്ല.

ബാലൻസ് ഷീറ്റ് ബി.15 ഷെഡ്യൂൾ പ്രകാരം Receivables Of Redemption ( 431500199) എന്ന ശീർഷകത്തിൽ ₹1051478 രൂപ തിരികെ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക താഴെ ചേർക്കും പ്രകാരം ഗ്രാമപഞ്ചായത്തിന്റെ രണ്ട് ട്രഷറി അക്കൌണ്ടുകളിൽ നിന്നും വർഷാവസാനം റിഡംപ്ഷൻ നടത്തിയിട്ടുള്ളതാണ്.

| | | |
|---|---|---|
| 450210104 | NEW LGTSB OWN FUND -1181 | ₹9,44,435 |
| 450210104 | JOINT VENTURE TREASURY OLD- 1089 | ₹1,07,043 |
| ആകെ | | ₹10,51,478 |

ഇതിൽ ₹9,44,435 രൂപ ബന്ധപ്പെട്ട അക്കൌണ്ടിലേക്ക് 4.4.2023 ൽ തിരികെ ലഭിച്ചിട്ടുണ്ട്. എന്നാൽ ₹1,07,043 രൂപ തിരികെ ലഭിച്ചിട്ടില്ല. പ്രസ്തുത തുക തിരികെ ലഭിക്കുന്നതിന് വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/ 19.9.2023) തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുക ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ

അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1- 27 എം.എൻ. ലക്ഷം വീട് പദ്ധതി - പൂർത്തീകരിച്ചിട്ടും ബാങ്ക് അക്കൌണ്ട് തുടരുന്നു.

എം.എൻ. ലക്ഷം വീട് പദ്ധതിയുടെ നടത്തിപ്പിനായി 10.12.2009ൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ മുത്തംകുഴി ശാഖയിൽ പിണ്ടിമന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ആരംഭിച്ചിട്ടുള്ള 423902010007202-ാം നമ്പർ സേവിങ്ങ് ബാങ്ക് അക്കൗണ്ട് പദ്ധതി പൂർത്തീകരിച്ചിട്ടും റദ്ദാക്കിയിട്ടില്ല. 31.03.2023 ൽ ഈ അക്കൗണ്ടിൽ ₹7,94,199/- രൂപ നീക്കിയിരിപ്പുണ്ട്. 07.04.2016ന് ശേഷം ഈ അക്കൗണ്ടിലേക്ക് പലിശ ക്രെഡിറ്റ് ചെയ്യുന്നതൊഴികെ മറ്റ് യാതൊരു ഇടപാടുകളും നടത്തുന്നില്ല. പാസ് ബുക്ക് രേഖപ്പെടുത്തൽ പ്രകാരം 02.07.2023ൽ ഈ അക്കൗണ്ടിൽ ₹8,05,065/- രൂപ നീക്കിയിരിപ്പുണ്ട്.

പദ്ധതി പൂർത്തിയായ സാഹചര്യത്തിൽ അക്കൗണ്ടിലുള്ള ബാക്കി തുക പദ്ധതിക്കായി ഫണ്ട് ലഭ്യമായ അക്കൗണ്ടിലേക്ക് തിരികെ അടവാക്കി ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/19.9.23) നീക്കിയിരുപ്പ് തുക നിശ്ചിത ശീർഷകത്തിൽ അടവാക്കി അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പ്രസ്തുത തുക ബന്ധപ്പെട്ട ശീർഷകത്തിലേക്ക് തിരികെ അടവാക്കുകയോ സർക്കാർ അനുമതിയോടെ ലൈഫ് ഭവനനിർമ്മാണ പദ്ധതിക്കായി ഉപയോഗിക്കുകയോ ചെയ്യേണ്ടതാണ്.

1-28 ഇലക്ഷൻ ഡെപ്പോസിറ്റ് - തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

| കോഡ് | ഹെഡ് | തുക |
|---|---|---|
| 340100303 | Election Deposit | ₹33,500 |

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപതുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. ഇലക്ഷൻ നിക്ഷേപമിനത്തിൽ ₹33,500/- രൂപ ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരുപ്പ് ഉണ്ട്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം തനത് ഫണ്ടിൽ മുതൽക്കൂട്ടാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/19.9.23) തുക മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-29 ക്രമീകരിക്കപ്പെടാത്ത 25.3 ലക്ഷം രൂപയുടെ നിക്ഷേപ പ്രവൃത്തികൾ

വാർഷിക ധനകാര്യപത്രിക പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ ക്രമീകരിക്കപ്പെടാതെ ബാക്കിനിൽക്കുന്നുണ്ട്. ഇതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഏജൻസി | ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|---|
| ജലഅതോറിറ്റി | 460500201 | ₹2011602 | ₹165000 | 0 | ₹2176602 |
| കെ.എസ്.ഇ.ബി. | 460500202 | ₹127847 | ₹30446 | 0 | ₹158293 |
| ഗ്രൌണ്ട് വാട്ടർ വകുപ്പ് | 460500204 | ₹44900 | 0 | 0 | ₹44900 |
| പി.ഡബ്ല്യു.ഡി. | 460500205 | ₹150000 | 0 | 0 | ₹150000 |
| ആകെ | | ₹2334349 | ₹195446 | 0 | ₹2529795 |

ഇതിൽ മുൻവർഷങ്ങളിലെ നിക്ഷേപ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുന്നതിന് രേഖാമൂലം ( എൻക്വയറി നം. 1/19.9.23) ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയിട്ടില്ല. തൻവർഷം നിക്ഷേപിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

എ) കേരള ജലഅതോറിറ്റി

| വർഷം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 22-23 | എസ്.സി.കമ്മ്യൂണിറ്റി ഹാൾ വാട്ടർ കണക്ഷൻ വാർഡ് 1 | 44201101/ 31.3.23 | ₹15000 | | ₹15000 |
| | പഞ്ചായത്തിന്റെ സ്ട്രീറ്റ് ടാപ്പ് കണക്ഷൻ വിച്ഛേദിക്കൽ. | 22200891/ 30.03.2023 | ₹150000 | - | ₹150000 |
| ആകെ | | | ₹165000 | - | ₹165000 |

ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് .

| വർഷം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 22-23 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (എസ്.0187/23) | TRN ...20634/ 14.03.2023 | ₹30,446 | - | ₹30,446 |
| ആകെ | | | ₹30,446(*) | - | ₹30,446 |

*ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം 12.09.2023 ൽ ലഭ്യമായിട്ടുണ്ട്.

പ്രവൃത്തികൾക്ക് മുൻകൂർ തുക നിക്ഷേപിക്കുമ്പോൾ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതും കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതമുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതുമാണ്. ഇക്കാര്യം മരാമത്ത് സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ശ്രദ്ധയ്ക്കായി ശുപാർശ ചെയ്യുന്നു.

### 1-30 മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു.

പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 1988-89 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡം ആകയാൽ ആയവ തീർപ്പാക്കാതെ അവശേഷിക്കപ്പെടുന്നത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ആശാസ്യമായ സ്ഥിതിവിശേഷം അല്ല. 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ) പ്രകാരം യഥാസമയം തന്നെ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം ഖണ്ഡിക 4-11ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയവ തീർപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|

2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | ₹360000 | ലൈഫ് ഭവനനിർമ്മാണം -ജനറൽ (എസ്.0033/23) | ₹360000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹197002 | ലൈഫ് ഭവനനിർമ്മാണം -എസ്.സി. (എസ്.0036/23) | ₹197002 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹400000 | ലൈഫ് ഭവനനിർമ്മാണം -എസ്.സി. (എസ്.00122/23) | ₹400000 | |
| ബ്ലോക്ക് പഞ്ചായത്ത് | | ₹271825 | ഭിന്നശേഷി സ്കോളർഷിപ്പ് (എസ്. 0128/23) | ₹271825 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹260000 | ലൈഫ് ഭവനനിർമ്മാണം -ജനറൽ (എസ്.0062/23) | ₹260000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹300000 | വയോജനങ്ങൾക്ക് കട്ടിൽ (എസ്.0143/23) | ₹300000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹458407 | ഹരിതകർമ്മ സേനയ്ക്ക് ഇ- ഓട്ടോ വാങ്ങൽ (എസ്.0183/23) | ₹458407 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹450000 | ക്ഷീര സഹകരണ സംഘങ്ങൾ മുഖേന പാൽ ഇൻസെന്റീവ് (എസ്.0099/23) | ₹450000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹12000 | ഞങ്ങളും കൃഷിയിലേക്ക്- തരിശ് നെൽക്കൃഷി (എസ്.0074/23) | ₹12000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹578199 | മാലിപ്പാറ സ്റ്റേഡിയം മുടിയറ റോഡ് കലുങ്ക് നിർമ്മാണം (എസ്.0052/23) | ₹578199 | - |
| ആകെ | | ₹3287433 | | ₹3287433 | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | ₹12000 | ഞങ്ങളും കൃഷിയിലേക്ക്- തരിശ് നെൽക്കൃഷി (എസ്.0074/23) | ₹12000 | - |
| ജില്ലാ പഞ്ചായത്ത് | | ₹112000 | ഞങ്ങളും കൃഷിയിലേക്ക്- സമഗ്ര നെൽക്കൃഷി വികസനം (എസ്.0073/23) | ₹112000 | - |
| ജില്ലാ പഞ്ചായത്ത് | | ₹500000 | ക്ഷീര സഹകരണ സംഘങ്ങൾ മുഖേന പാൽ ഇൻസെന്റീവ് (എസ്.0099/23) | ₹500000 | - |
| ജില്ലാ പഞ്ചായത്ത് | | ₹400000 | ലൈഫ് ഭവനനിർമ്മാണം -എസ്.സി. (എസ്.00122/23) | ₹400000 | - |
| ജില്ലാ പഞ്ചായത്ത് | | ₹91170 | ഭിന്നശേഷി സ്കോളർഷിപ്പ് (എസ്. 0128/23) | ₹91170 | - |
| ആകെ | | ₹1115170 | | ₹1115170 | - |

## 4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകി വരുന്നു. ഇപ്രകാരം ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

<u>എ) കേരള ജല അതോറിറ്റി</u>

| വർഷം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 22-23 | എസ്.സി. കമ്മ്യൂണിറ്റി ഹാൾ വാട്ടർ | 44201101/ 31.3.23 | ₹15000 | | ₹15000 |

| | | | | | |
|---|---|---|---|---|---|
| | കണക്ഷൻ വാർഡ്-1 | | | | |
| | പഞ്ചായത്തിന്റെ സ്ട്രീറ്റ് ടാപ്പ് കണക്ഷൻ വിച്ഛേദിക്കൽ. | 22200891/ 30.03.2023 | ₹1,50,000 | - | ₹1,50,000 |
| ആകെ | | | ₹1,65,000 | - | ₹1,65,000 |

ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് .

| വർഷം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 22-23 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (എസ്.0187/23) | TRN ...20634/ 14.03.2023 | ₹30,446 | - | ₹30,446 |
| ആകെ | | | ₹30,446(*) | - | ₹30,446 |

(*) ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം 12.09.2023ൽ ലഭ്യമായിട്ടുണ്ട്.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം | ₹1,97,42,994 | ₹10,64,261 | ₹2,08,07,255 | ₹33,62,457 | 0 | ₹1,74,44,798 |

.

| തിരിച്ചടവിന്റെ വിവരം | | |
|---|---|---|
| ജി.ഒ.പ്രോജക്ട് | | തുക |
| നമ്പർ | പേര് | |
| 188/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -പൊതുവിഭാഗം | ₹12,00,126 |
| 171/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -പൊതുവിഭാഗം | ₹12,00,127 |
| 172/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -എസ്.സി.പി. | ₹4,81,102 |
| 191/23 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് -എസ്.സി.പി. | ₹4,81,102 |
| ആകെ | | ₹33,62,457 |

### 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ / തീയതി |
|---|---|---|---|---|
| 2019-20 | 1-12 | ₹1080 | ഫിലോമിന കര്യാക്കോസ് | 1220101463/ 14.10.22 |
| 2019-20 | 1-12 | ₹720 | സാബു പൌലോസ് | 1220101608/ 3.11.22 |
| 2018-19 | 1-14 | ₹1100 | ഡ്രീംസ് അലുമിനിയം | 1220102057/ 5.12.22 |
| 2018-19 | 1-14 | ₹650 | ചേലാട് മെഡിക്കൽ സെന്റർ. | 1220102086/6.12.22 |
| 2018-19 | 1-14 | ₹1100 | കൃഷ്ണ ഫർണിച്ചർ മാർട്ട് | 1220102245/14.12.22 |
| 2018-19 | 1-16 | ₹650 | അഡ്മിനിസ്റ്റേറ്റർ | 1220102247/14.12.22 |

| | | | | |
|---|---|---|---|---|
| 2018-19 | 1-14 | ₹1100 | ഓർവലക്കടിയിൽ സൂപ്പർമാർക്കറ്റ് | 1220102250/14.12.22 |
| 2018-19 | 1-14 | ₹1100 | സെവൻ അർട്ട്സ് സ്റ്റുഡിയോ | 1220102263/16.12.22 |
| 2018-19 | 1-14 | ₹1100 | ഹരിത ടെക്സ്റ്റൈൽസ് | 1220102266/16.12.22 |
| 2018-19 | 1-14 | ₹650 | കണ്ണൻ കല്ലേൽ ആയുർവേദ ഹോസ്പിറ്റൽ | 1220102269/16.12.22 |
| 2018-19 | 1-14 | ₹1100 | ജോളീസ് ഡ്രൈവിങ്ങ് സ്കൂൾ | 1220102630/21.1.23 |
| 2018-19 | 1-14 | ₹1100 | കരുണ പാത്തോളജിക്കൽ ലാബ് | 1220102716/28.1.23 |
| 2020-21 | 1-14 | ₹720 | പെരിയാർ അസോസിയേറ്റ്സ് മെറ്റൽ ക്രഷർ | 1220102953/ 7.2.23 |
| 2020-21 | 1-31 | ₹1200 | വർഗ്ഗീസ് എ.പി. | 1220103040/14.2.23 |
| 2019-20 | 1-12 | ₹600 | മഹാലക്ഷ്മി ഹോളോ ബ്രിക്സ് | 1220103540/7.323 |
| 2021-22 | 1-14.3 | ₹1800 | നോബിൾ ഗ്രാനൈറ്റ് | 1220103626/ 9.3.23 |
| 2019-20 | 1-12 | ₹1800 | ബേസിൽ വുഡ് ഇന്റസ്ട്രീസ് | 1220103648/ 9.3.23 |
| 2019-20 | 1-12 | ₹1200 | കെ.എം.ഫിലിപ്പ് | 1220103844/ 13.3.23 |
| 2019-20 | 1-12 | ₹720 | സാബു പൌലോസ് | 1220103848/ 13.3.23 |
| 2019-20 | 1-12 | ₹1440 | അരുൺ ഡേവിഡ് | 1220104167/ 17.3.23 |
| 2018-19 | 1-14 | ₹1100 | ശ്രീഹരി ബ്യൂട്ടി സെന്റർ | 1220102420/29.12.22 |
| 2020-21 | 1-31 | ₹1080 | ജിജി പോൾ | 12201041498/ 17.3.23 |
| 2021-22 | 1-14.3 | ₹1200 | പെരിയാർ അസോസിയേറ്റ്സ് | 1220104469/ 28.3.23 |
| 2021-22 | 1-14 | ₹2500 | സെക്രട്ടറി | 1220104471/ 28.3.23 |
| 2021-22 | 1-14.3 | ₹1200 | ഹെപ്റ്റാ ക്വാറി | 1220104478/ 28.3.23 |
| 2021-22 | 1-14 | ₹1250 | സെക്രട്ടറി | 1220104514/ 29.3.23 |
| 2021-22 | 1-14.3 | ₹1200 | അന്നമ്മ ആന്റണി | 1220104527/ 29.3.23 |
| 2019-20 | 1-22 | ₹900 | സ്വാഗത് പി.ജി. | 1220101453/ 13.10.22 |
| ആകെ | | ₹31360 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഒന്നുമില്ല.

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്തവിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പ്രകാരം) | ₹2,42,83,037 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R&P പ്രകാരം) | ₹2,39,08,486 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹8,46,539 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | ₹1,50,000 | മനോജ് കെ, സെക്രട്ടറി പിണ്ടിമന ഗ്രാമപഞ്ചായത്ത് |
| 1-16 | ₹4,58,407 | മനോജ് കെ, സെക്രട്ടറി പിണ്ടിമന ഗ്രാമപഞ്ചായത്ത് |
| 1-17 | ₹1,65,000 | മനോജ് കെ, സെക്രട്ടറി പിണ്ടിമന ഗ്രാമപഞ്ചായത്ത് |
| 1-18 | ₹14,350 | അജിതകുമാരി ഹെഡ്മിസ്ട്രസ്. ഗവ.യു.പി.എസ് പിണ്ടിമന |
| 1-19 | ₹58,782 | ഡോ.നിർമ്മല പ്രദീപ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | ₹8,46,539 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മനോജ്.കെ,<br>സെക്രട്ടറി | സെക്രട്ടറി,<br>പിണ്ടിമന ഗ്രാമപഞ്ചായത്ത് | ലക്ഷ്മി നിവാസ്<br>എം.എൽ.എ.റോഡ്,<br>പുതിയകാവ്, തൃപ്പൂണിത്തുറ |
| അജിതകുമാരി<br>ഹെഡ്മിസ്ട്രസ്. | ഹെഡ്മിസ്ട്രസ്,<br>ജി.യു.പി.എസ്,<br>പിണ്ടിമന | പാലിക്കൽ,<br>അയ്യങ്കാവ്, കുത്തുകുഴി. |
| ഡോ.നിർമ്മല പ്രദീപ്<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ), പിണ്ടിമന | ടി.കെ.ആർ.എ. 62 ശ്രീപദം,<br>പിഷാരികോവിൽ റോഡ്,<br>എരൂർ സൗത്ത്. |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1988-89 | എൽ.എഫ്.ഇ.പി1 -866/93/28.12.93 |
| 1989-90 | എൽ.എഫ്.ഇ.പി1- 866/93/28.12.93. |
| 1996-97 | എൽ.എഫ്.ഇ.പി-1 -992/98/6.4.99 |
| 1997-98 | എൽ.എഫ്.ഇ.പി1-1507/99/15.07.2000 |
| 1998-99 | എൽ.എഫ്.ഇ.പി1-1173/03/4.09.2003 |
| 1999-2000 | എൽ.എഫ്.ഇ.പി1-1218/04/4.5.2005 |
| 2000-01 | എൽ.എഫ്.ഇ.പി1 -1218/04/4.5.2005 |
| 2001-02 | എൽ.എഫ്.ഇ.പി1- 918/05/20.08.06 |
| 2002-03 | എൽ.എഫ്.ഇ.പി1 .1819/08/17.11.09 |
| 2003-04 | എൽ.എഫ്.ഇ.പി7-241/12/4.9.12 |
| 2005-06 | എൽ.എഫ്.ഇ.പി7-239/12/4.9.12 |
| 2006-07 | എൽ.എഫ്.ഇ.പി7-238/12/4.9.12 |
| 2008-09 | എൽ.എഫ്.ഇ.പി7-136/13/11.2.13/14.3.13 |
| 2009-10 | എൽ.എഫ്.ഇ.പി7-306/11/8.8.2011 |
| 2010-11 | എൽ.എഫ്.ഇ.പി7-136/11/11.2.13/14.3.13 |
| 2011-12 , 2012-13 | എൽ.എഫ്.ഇ.പി7-1322/14/13.10.14/12.12.14 |

| | |
|---|---|
| 2013-14 , 2014-15 | കെ.എസ്.എ.ഇ.കെ.എം(പി7)1107/16/08.07.2016 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി.7)2105/17 തീയതി 10.11.17/16.12.17 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി.7)2342/18 തീയതി 07.01.19/01.03.19 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(പി.7)127/2020 തീയതി 04.03.2020/09.03.2020 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(പി.7)1558/2021 തീയതി 13.06.2022 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം.(പി.7)1559/2021 തീയതി 13.06.2022 |
| 2021-22 | കെ.എസ്.എ.-ഇ.കെ.എം.(പി.7)1887/2022 തീയതി 27.12.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 22-07-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pindimana Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pindimana Grama Panchayat for the year 2022-2023

Date: 04/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Pindimana Grama Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.
2. Lack of Panchayath Raj Budget rules adversely affecting budgetary control system.
3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.
4. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

**2.Other Observations**

1. The Details of Deposits as per B-7 Schedule are not furnished in Deposit register.
2. The details of Advances as per B-18 Schedule are not furnished in Advance register.
3. Bank account No. 25070100012408 in Bank of Baroda for Health Grant is not incorporated in Annual Financial Statement.
4. The expenditure of Rs. 41,98,896 out of Maintenance Grant Road which is a revenue grant, is accounted as capital contribution.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്